STUDENT MAP

**MARCH 2019**

Time : 2 ½ Hours
Cool-off time : 15 Minutes

Part – II

# മലയാളം
# (MALAYALAM)

Maximum : 80 Scores

*വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :*

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**1 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 7 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(7 × 2 = 14)**

1. 'നിന്നുടെ ജന്മത്തെക്കാൾ ശ്രേഷ്ഠമെന്നുടെ ജന്മം'

ശകുന്തള ദുഷ്യന്തനെക്കാൾ ശ്രേഷ്ഠയാണ് എന്ന് വ്യക്തമാകുന്ന ഈരടികൾ ഏവ ?

"മേദിനിയിലും പുനരന്തരിക്ഷത്തിങ്കലും
ഭേദമെന്നിയേ നടന്നീടാമിന്നെനിക്കെടോ"

"സത്യധർമ്മാദി വെടിഞ്ഞിടിന പുരുഷനെ
ക്രുദ്ധനാം സർപ്പത്തെക്കാളേറ്റവും പേടിക്കേണം"

"മേരുവും കടുകുമുള്ളന്തരമുണ്ട് നമ്മിൽ
സാരജ്ഞനല്ലൊട്ടുമോർത്തോളം ധാത്രിശ ! ഭവാൻ"

"കോകിലനാരിപോലെ നീ പരഭൃതയല്ലോ
പോക വൈകാതെ നിന്നെക്കാൺകയിലിച്ഛയില്ല"

2. 'കാക്കാരിശ്ശിപ്പാട്ടി'നെ ആകർഷകമാക്കുന്ന രണ്ട് സവിശേഷതകൾ എടുത്തെഴുതുക.

- സംഗീതാത്മകത
- ആഖ്യാനാത്മകത
- നാടോടിത്തം
- കഠിനപദ ബാഹുല്യം

3. 'സംഗീതത്തെക്കുറിച്ചും എന്നെക്കുറിച്ചും പറയേണ്ടി വരുമ്പോഴൊക്കെ ഞാനന്റെ ബാപ്പയുടെ ഈണം കേൾക്കുന്നു.'

കലാമണ്ഡലം ഹൈദരലിയുടെ ഈ വാക്കുകളിൽ തെളിയുന്നവ

- പാട്ടുകാരനായ ബാപ്പയുമായുള്ള ഹൃദയ ബന്ധം
- പാട്ടുകാരനായി മാറുന്നതിനുള്ള തടസ്സം
- കുട്ടിക്കാലത്തെ നഷ്ടങ്ങൾ നിസ്സാരമെന്ന ധാരണ
- കുട്ടിക്കാലത്തു തന്നെ ബാപ്പ നഷ്ടപ്പെട്ട ദുഃഖം

4. വെളിച്ചത്തിനു പിന്നിൽ ചതിവുണ്ടെന്ന് ദിവാകരൻ മനസ്സിലാക്കിയതിനെ ശരി വയ്ക്കുന്ന രണ്ട് പ്രസ്താവനകൾ എഴുതുക.

- വെളിച്ചം വ്യക്തത തരുന്നു
- വെളിച്ചം അവ്യക്തത ഉണ്ടാക്കുന്നു
- വെളിച്ചത്തെ വിശ്വസിക്കാം
- വെളിച്ചം എല്ലാത്തിനും ഒരേ ഛായ നല്കുന്നു

Get the latest Question papers,
Notes and study resources.
Visit studentmap.in

STUDENT MAP

5. ഗബ്രിയേൽ ഗാർസിയ മാർക്വെസ് എന്ന എഴുത്തുകാരന് യോജിക്കുന്നവ പട്ടികപ്പെടുത്തുക.

മാജിക്കൽ റിയലിസം, റൊമാന്റിസിസം, നൊബേൽ സമ്മാനം, ചലച്ചിത്ര സംവിധായകൻ, ഏകാന്തതയുടെ നൂറു വർഷങ്ങൾ, ഗാബോ.

6. പുലിക്കോട്ടിൽ ഹൈദർ മലയാളിയതയ്ക്ക് വലിയ പ്രാധാന്യം നല്കി എന്ന് പറയുന്നതിന് രണ്ട് കാരണങ്ങൾ എഴുതുക.

- സ്വന്തം മണ്ണിൽ നിന്ന് പ്രമേയം കണ്ടെത്തിയതിനാൽ
- സ്ത്രീകളുടെ ദൗർബല്യത്തെ പെരുപ്പിച്ചു കാട്ടിയതിനാൽ
- മറുനാടൻ വിഷയങ്ങളെ മലയാളത്തിലാക്കിയതിനാൽ
- നാട്ടുമൊഴിക്ക് പ്രാധാന്യം നല്കിയതിനാൽ

7. സാമൂഹിക മാധ്യമങ്ങളെ സംബന്ധിച്ച ഒരു നിരീക്ഷണം ചുവടെ ചേർക്കുന്നു. ഒരു നിരീക്ഷണം കൂടെ എഴുതിച്ചേർക്കുക.

മാതൃക : നിരന്തരമായ നിരീക്ഷണത്തിനും വിചാരണയ്ക്കും നവമാധ്യമങ്ങൾ അവസരം ഒരുക്കുന്നു.

8. 'ഉപയോഗിച്ചു പഴകിയ ചെമ്പുകലം പോലെ തന്റെ തലച്ചോറിന് തേയ്മാനം വന്നതാകാം.' *(കൈയൊപ്പില്ലാത്ത സന്ദേശം)*

ടി. പി. ശ്രീധരൻ ഇങ്ങനെ ആലോചിക്കുന്നതിനു പിന്നിലുള്ളവ എന്തെല്ലാമെന്ന് കണ്ടെത്തി എഴുതുക.

- തന്റെ ശത്രുക്കളെപ്പറ്റിയുള്ള ആകുലത
- പ്രായാധിക്യത്തിന്റെ സൂചന
- ഓർമ്മക്കുറവ്
- ഒഴിവാക്കപ്പെടുന്നതിന്റെ ദുഃഖം

9 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 7 എണ്ണത്തിന് ഉത്തരമെഴുതുക.

4 സ്കോർ വീതം. (7 × 4 = 28)

9. " ചെയ്യേണ്ടത് ചെയ്തിട്ട് ഈ പിള്ളേർ ഒരാണിപോലും സമ്മാനമായി വാങ്ങില്ല"

അമ്മ പറഞ്ഞു : "എന്നാൽ എന്തെങ്കിലും വേണമെന്നവർക്കു വാശി തോന്നിയാൽ അവർ എന്തും ചെയ്യും. വേണമെങ്കിൽ ടീച്ചറുടെ കസേരപോലും അവർ നേടിയെടുക്കും."

കുട്ടികളെ സംബന്ധിച്ച പൊതു നിരീക്ഷണമായി ഈ അഭിപ്രായത്തെ വിലയിരുത്താനാകുമോ ? വ്യക്തമാക്കുക.

10. വാങ്ങാൻ വരുന്നയാൾ തന്നെ വില്പനച്ചരക്കാകുന്നതാണ് അവകാശങ്ങളുടെ പ്രശ്നം എന്ന കഥയിൽ കാണാനാകുന്നത്. ഈ വൈരുദ്ധ്യം കഥയെ ആസ്വാദ്യമാക്കുന്നതിൽ പങ്കുവഹിക്കുന്നുണ്ടോ ? വിശദമാക്കുക.

11. 'വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ' എന്ന ഫീച്ചറിന് മറ്റൊരു തലക്കെട്ട് നല്കി കാരണം എഴുതുക.

12. 'സ്ത്രീജീവിതത്തിന്റെ സങ്കടങ്ങൾ ആവിഷ്ക്കരിക്കുന്നതിൽ പുലിക്കോട്ടിൽ ഹൈദർ സവിശേഷ ശ്രദ്ധ പുലർത്തിയിരുന്നു.' ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

13. 'കണയേറ്റ കരിമ്പുലിപോലെ
ഉരുൾപൊട്ടിയ മാമല പോലെ
ഉലകാകെയുലയ്ക്കും മട്ടിൽ
അലറീ കാട്ടാളൻ ...
അലകടലിൻ വേരുപറിക്കാൻ
കുതറീ കാട്ടാളൻ ...'

കാട്ടാളന്റെ രോഷം ഒരു വ്യക്തിയുടെ രോഷം അല്ലാതാവുന്നതിന്റെ കാരണം കണ്ടെത്തി എഴുതുക.

Get the latest Question papers,
Notes and study resources.
Visit studentmap.in

STUDENT MAP

14. 'തലയിൽ തേങ്ങ വീണാൽ ചിരിക്കരുത്' എന്ന ഗുണപാഠമാണ് കവി അവതരിപ്പിക്കുന്നത്. എന്തിലും ഗുണപാഠം തേടുന്നവർക്കുള്ള പരിഹാസമാണിത്. നിങ്ങളുടെ പ്രതികരണങ്ങൾ എഴുതുക.

15. 'പ്രകൃതി അദ്ഭുതങ്ങളുടെ കലവറയാണ്' എം. പി. വീരേന്ദ്രകുമാറിന്റെ 'യമുനോത്രിയുടെ ഊഷ്മളതയിൽ' എന്ന സഞ്ചാരകൃതിയിൽ നിന്ന് ഒരുദാഹരണം ചൂണ്ടിക്കാട്ടി വിശദമാക്കുക.

16. 'ഇന്റർനെറ്റിന്റെ ഈ യുഗത്തിൽ പത്രങ്ങൾക്ക് ചില ധർമ്മങ്ങളുണ്ട്' പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

**17 മുതൽ 22 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഏതെങ്കിലും 5 എണ്ണം. 6 സ്കോർ വീതം.** **(5 × 6 = 30)**

17. തടസ്സങ്ങൾ എന്തായാലും അതിനെ മറികടന്നു പോകാൻ കലാകാരനായ കലാമണ്ഡലം ഹൈദരലിയെ സഹായിക്കുന്ന സാഹചര്യവും 'പദത്തിന്റെ പഥത്തിൽ' വ്യക്തമാവുന്നുണ്ട്. പരിശോധിക്കുക.

18. ഹിമാലയ പ്രദേശത്തിന്റെ മനോഹാരിതയോടൊപ്പം മനുഷ്യ ജീവിതത്തിന്റെ ക്ലേശങ്ങളും എസ്. കെ. പൊറ്റെക്കാട്ട് 'ബദരിയും പരിസരങ്ങളും' എന്ന രചനയിൽ ഹൃദ്യമായി ആവിഷ്ക്കരിച്ചിട്ടുണ്ട്. വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

19. വിവരസാങ്കേതികവിദ്യയുടെ കാലത്ത് വ്യക്തി ജീവിതവും വ്യക്തി ബന്ധങ്ങളും മാറിമറിഞ്ഞത് പ്രതിഫലിപ്പിക്കാൻ 'കൊയൊപ്പില്ലാത്ത സന്ദേശം' എന്ന പാഠഭാഗം സമർത്ഥമാണോ ? ചർച്ചക്കുറിപ്പ് തയ്യാറാക്കുക.

20. വിണ്ടെടുപ്പിന്റെ സ്വപ്നങ്ങൾ കിരാതവൃത്തം എന്ന കവിതയിൽ എങ്ങനെയാണ് അവതരിപ്പിച്ചിരിക്കുന്നത്. പരിശോധിച്ച് ലഘൂപന്യാസം തയ്യാറാക്കുക.

21. 'വിശപ്പുപോലുള്ള താണതരം കാര്യങ്ങളിൽ നാം വ്യാപൃതരാകാറുണ്ടോ എന്നാണ് വിദൂഷകന് സംശയം' *(വിദൂഷകൻ)*

'വായുണ്ടെങ്കിലും വായിക്കാൻ നേരമില്ലാഞ്ഞിട്ട് അദ്ദേഹം (രാജാവ്) വേറൊരാളെ ഇരുത്തി വായിപ്പിക്കുന്നുണ്ട്' *(കൊത്ത്വാൾ)*

'കുഴലൂത്തുകാരുടെ ഒരു പാട് ! അടിച്ചു തളിക്കാരിക്കും അകമ്പടി സേവിക്കണം. അഗ്നിവർണ മഹാരാജാവിന്റെ നീതി കൊള്ളാം' *(കേവലരാമൻ)*

ഈ സംഭാഷണങ്ങളുടെ അടിസ്ഥാനത്തിൽ അഗ്നിവർണന്റെ കാലുകൾ എന്ന നാടകത്തിലെ ആക്ഷേപഹാസ്യം വിശദീകരിക്കുക.

22. ഉണ്ണായി വാര്യരുടെ ക്ഷേശിനി എന്ന കഥാപാത്രവും കാവാലത്തിന്റെ അടിച്ചുതളിക്കാരി എന്ന കഥാപാത്രവും സമാനത പുലർത്തുന്നുണ്ടോ ? പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.



Get the latest Question papers,
Notes and study resources.
Visit studentmap.in

STUDENT MAP

23, 24 ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 8 സ്കോർ. (1 × 8 = 8)

23. ഡോക്ടറുടെ ഈഗോ, ഉത്തരം താങ്ങുന്ന ഗൗളിയായി മാറിയ കഥാകൃത്ത്, പെൺഗൗളിയാൽ പരിഹസിക്കപ്പെട്ട ബുദ്ധന്റെ ബോധോദയം എന്നിവയിലൂടെ കഥ നിർവ്വഹിക്കുന്ന വിമർശനതലങ്ങളെ വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

24. 'കണ്ണാടി കാണ്മോളവും' എന്ന കവിതാഭാഗത്തെ ശകുന്തളയുടെ വ്യക്തിത്വമല്ല 'കൊള്ളിവാക്കല്ലാതൊന്നും' എന്ന കവിതാഭാഗത്തെ ശീലാവതിയുടെ വ്യക്തിത്വം. ഈ കഥാപാത്രങ്ങളെ സമകാലിക സാഹചര്യത്തിൽ താരതമ്യം ചെയ്ത് പ്രഭാഷണം തയ്യാറാക്കുക.